# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)

**'അലകൾ' വായിക്കുക, വരിക്കാരാവുക, പ്രചരിപ്പിക്കുക,**

**അലകൾ തപാലിൽ ലഭിക്കാൻ 60 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ടാങ്ക് റോഡ്
(ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാൾ റോഡ്), പുളിമൂട്,
തിരുവനന്തപുരം - 695 001

പുസ്തകം 4 ലക്കം 8 ❖ തിരുവനന്തപുരം ❖ 2012 ഫെബ്രുവരി 16–29 www.alakal.net വില 2 രൂപ


# ആകാശ നഗരം മത്സ്യതൊഴിലാളികൾ ആശങ്കയിൽ

**പദ്ധതി** - വേമ്പനാട് കായലിന്റെ കൊച്ചിയോട് ചേർന്ന പ്രദേശത്ത്, കായലിന് മുകളിൽ നക്ഷത്രസൗകര്യങ്ങളുള്ള ഒരു നഗരം പണിയുന്നു. ഇതിനെ സ്കൈ സിറ്റി അഥവാ ആകാശ നഗരം എന്ന് നാമകരണം ചെയ്തിരിക്കുന്നു.

പദ്ധതി പ്രദേശത്തെ കായലിന് മുകളിൽ പൂർണ്ണമായും കായൽ പ്രദേശം മറച്ച് പൊയ്കാലുകളിൽ വളരെ വീതിയുള്ള ഫ്ളൈ ഓവർ നിർമ്മിക്കുന്നു. ഈ ഫ്ളൈ ഓവറിന്റെ മദ്ധ്യഭാഗത്ത് നാലുവരി റോഡ്, ഇരുവശത്തും ഷോപ്പിംഗ് മാളുകൾ, റസിഡൻഷ്യൽ ഫ്ളാറ്റുകൾ, വില്ലകൾ, ഇതര അടിസ്ഥാന സൗകര്യങ്ങൾ, പാർക്കിംഗ് പ്രദേശം എന്നിവ ഉൾപ്പെടെയുള്ള സമ്പൂർണ്ണ നഗര സൗകര്യങ്ങൾ ഒരുക്കുന്നു. 360 കുടുംബങ്ങൾക്ക് ആധുനിക സൗകര്യമുള്ള ഫ്ളാറ്റ് / വില്ല ഇവിടെ ഉണ്ടാകും.

**പദ്ധതി പ്രദേശം** : N.H 47 ബൈപാസിനു സമീപത്തുള്ള കുണ്ടന്നൂർ പ്രദേശത്ത് നിന്ന് (തെക്ക് അതിർത്തി) സഹോദരൻ അയ്യപ്പൻ റോഡ് വരെ (വടക്ക് അതിർത്തി) ഈ ഫ്ളൈ ഓവർ പ്രദേശത്തുനു താഴെ ചിലവന്നൂർ ബണ്ട് റോഡ് ഉൾപ്പെടെയുള്ള കായൽ പ്രദേശം. രണ്ടാമത്തെ ഫ്ളൈ ഓവർ സഹോദരൻ അയ്യപ്പൻ റോഡ് മുതൽ നഗരത്തിന്റെ ഹൃദയഭാഗത്തുള്ള സുഭാഷ് ചന്ദ്ര ബോസ് റോഡ് വരെ. പദ്ധതി പ്രകാരമുള്ള ഫ്ളൈ ഓവറിന്റെ താഴ്ഭാഗത്തിന്റെ 90% കായൽ പ്രദേശമാണ്. ഫ്ളൈ ഓവറിന്റെ വീതി ഏതാണ്ട് കായലിന്റെ വീതിക്ക് സമാനമാണ്. നീളം ഏകദേശം 5 കി.മിറ്ററിന് മുകളിൽ വരുന്നു.

**പദ്ധതി നടത്തിപ്പ്** : യശോറാം ഗ്രൂപ്പ് പ്രൊമോട്ട് ചെയ്യുന്ന ഒരു കമ്പനിയാണ് പദ്ധതിയുടെ പ്രായോജകർ. 51 % ഷെയർ യശോറാം ഗ്രൂപ്പിൽ നിക്ഷിപ്തമായിരിക്കും. സർക്കാരിനും പദ്ധതിയിൽ ഷെയർ ഉണ്ടായിരിക്കും.

**ചരിത്രം** : ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികളിൽ നിന്ന് 11 വ്യത്യസ്ഥ ക്ലിയറൻസുകൾ ആവശ്യമാണ്. ചില ക്ലിയറൻസുകൾക്ക് വിദഗ്ധസമിതി റിപ്പോർട്ടുകളും ആവശ്യമാണ്. ഉദാ. തീരദേശ നിയന്ത്രണ ക്ലിയറൻസിന് തീരദേശ വിദഗ്ധസമിതി റിപ്പോർട്ട് ആവശ്യമാണ്. ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ഉൾപ്പെടുത്തി പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനായി 2007 ൽ യശോറാം ഗ്രൂപ്പ് സംസ്ഥാന വ്യവസായ വകുപ്പിന് അപേക്ഷ നല്കിയിരുന്നു. (ഇതൊരു ഇൻഡസ്ട്രിയൽ പ്രോജക്ട് ആയി പരിഗണിച്ചുതന്നെയാണ് അപേക്ഷ വ്യവസായ വകുപ്പിന് നല്കിയിരുന്നത്). പദ്ധതിക്ക് സഹായകമായ നിലപാടാണ് വ്യവസായ വകുപ്പ് കൈകൊണ്ടിരിക്കുന്നത്. എന്നാൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി, പരിസ്ഥിതി വകുപ്പ് എന്നീ ഏജൻസികൾ പദ്ധതി അംഗീകാരത്തെ എതിർത്തിരുന്നു. എന്തായാലും പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നല്കുന്നതിന് സർക്കാർ തയ്യാറായില്ല.

**വീണ്ടും അപേക്ഷ** : സർക്കാർ ഒരിക്കൽ അംഗീകാരം നല്കാതിരുന്ന പദ്ധതിക്ക്, ആയത് ലഭിക്കുന്നതിന് 2011 ൽ വീണ്ടും അപേക്ഷ നല്കിയിരുന്നു.

**കാരണങ്ങൾ** : കൊച്ചി നഗരസഭയിലും സംസ്ഥാനത്തും പുതിയ ഭരണ സംവിധാനം നിലവിൽ വന്നിരിക്കുന്നു.

തീരദേശ നിയന്ത്രണനിയമം (2011) നിലവിൽ വന്നതോടെ പൊയ്കാലുകളിലുള്ള റോഡുകൾക്കും പാലങ്ങൾക്കും തീരദേശ നിയന്ത്രണ മേഖലയിൽ അംഗീകാരം ലഭിക്കാവുന്നതാണ്. മത്സ്യതൊഴിലാളി സമൂഹത്തിന് പ്രാതിനിധ്യമില്ലാത്ത പുതിയ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി നിലവിൽ വന്നിരിക്കുന്നു. വികസന പ്രവർത്തനങ്ങൾക്ക് മറ്റെന്തിനെക്കാളും പ്രാമുഖ്യം നല്കുന്ന ഒരു രാഷ്ട്രിയ മാറ്റം കേരളത്തിൽ വന്നിരിക്കുന്നു. പ്രതീക്ഷിച്ചിരിക്കുന്നത് സംഭവിച്ചിരിക്കുന്നു. പദ്ധതിക്ക് 2011 ഡിസംബറിൽ സർക്കാർ തത്വത്തിൽ അംഗീകാരം നല്കിയിരിക്കുന്നു. സർക്കാർ ഇംഗിതം വ്യക്തമാണ്. ഈ പദ്ധതി നടപ്പിൽ വരുത്തണം. എന്നാൽ സർക്കാർ ഏജൻസികളിൽ നിന്ന് ലഭ്യമാകേണ്ട ക്ലിയറൻസുകൾ ഇനി ലഭ്യമാക്കേണ്ടതാണ്. ഇത്തരം ക്ലിയറൻസുകൾ ഇല്ലാതെ സർക്കാരിന്റെ അംഗീകാരം എന്തിന് നല്കി എന്നത് ദുരൂഹമാണ്. ഒരു പക്ഷെ സർക്കാർ സ്വാധീനം വഴി എല്ലാ ക്ലിയറൻസുകളും ലഭ്യമാകുമെന്ന ശുഭാപ്തി വിശ്വാസമാണോ ഈ അംഗീകാരത്തിനു പുറകിലുള്ളത് എന്നത് വ്യക്തമല്ല. സർക്കാർ ഏജൻസികളുടെ ക്ലിയറൻസ് ലഭ്യമാകുന്നതിന് ആവശ്യമായ വിദഗ്ധ റിപ്പോർട്ടുകൾക്ക് യാതൊരു പ്രയാസവുമില്ല. ഇത്തരം റിപ്പോർട്ടുകൾ "വില്പനയ്ക്ക്" വച്ചിരിക്കുന്ന സർക്കാർ ഗവേഷണ സ്ഥാപനങ്ങൾ നിലവിലുണ്ട്.

**സൂചനകൾ** : സംസ്ഥാന സർക്കാർ പദ്ധതിയെ പൂർണ്ണമായും അംഗീകരിക്കുന്നു. ഈ സാഹചര്യത്തിൽ വികസനത്തിന്റെ പേരിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കും. ഇതിനാവശ്യമായ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ സർക്കാർ ഏജൻസികളിൽ നിന്ന് ലഭ്യമാകും. പദ്ധതി നടത്തിപ്പ് ത്വരിതഗതിയിലായിരിക്കും. അതോടെ വേമ്പനാട് കായലിന്റെ ഇതര പ്രദേശങ്ങൾ, അഷ്ടമുടി കായൽ എന്നീ പ്രദേശങ്ങളിൽ പുതിയ ആകാശ നഗരങ്ങൾ സൃഷ്ടിക്കപ്പെടും. ഭാവിയിൽ എല്ലാ കായലുകൾക്ക് മുകളിലും ആകാശനഗരങ്ങൾ സ്ഥാപിക്കപ്പെടുന്നതാണ്.

**ആശങ്കകൾ** : വേമ്പനാട് കായലിലെ നിർദ്ദിഷ്ട പദ്ധതി പ്രദേശം CRZ 1 പ്രദേശത്തിൽ ഉൾപെടുത്തിയിരിക്കുന്നു. പരിസ്ഥിതി പ്രധാന്യമുള്ളതോ, ലോലമായ പരിസ്ഥിതി പ്രദേശത്തോ ഒരു വൻകിട നിർമ്മാണ പദ്ധതി നടപ്പിലാക്കേണ്ട ആവശ്യകത മനസ്സിലാകുന്നില്ല. റാംസർ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശത്ത് ആകാശനഗരം പോലുള്ള പദ്ധതി നടപ്പിലാക്കുന്നത് ഉചിതമല്ല. നീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുമെന്ന് പ്രഖ്യപിക്കുകയും നീർത്തടത്തെ ദുർബലപ്പെടുത്തുന്ന പദ്ധതികൾക്ക് അംഗീകാരം നല്കുന്നത് സർക്കാർ നയത്തിനെതിരാണ്.

സംസ്ഥാനത്തെ കായലുകളുടെ വിസ്തൃതി പകുതിയായി ചുരുങ്ങിയിരിക്കുന്നു എന്ന് കണക്കുകൾ ചൂണ്ടികാട്ടുന്നു. കായലിന്റെ ശോഷണം, അമിതമലിനീകരണം, കുറ്റിവലകളുടെ അനിയന്ത്രിതമായ ഉപയോഗം എന്നിവയൊക്കെ നിലനില്ക്കുമ്പോഴും സംസ്ഥാനത്തെ കായലുകളുടെ ഫലഭൂയിഷ്ടതയും അതുവഴി ഉത്പാദനക്ഷമതയും ഒരളവു വരെ നിലനില്ക്കുന്നത് കായലുകൾക്കുള്ള സൂര്യപ്രകാശത്തിന്റെ ലഭ്യതമൂലമാണ്. സൂര്യപ്രകാശ ലഭ്യത തടയുന്നതു മൂലം കായലിന്റെ പരിസ്ഥിതിക്കും ജൈവ വൈവിധ്യത്തിനും കോട്ടം സംഭവിക്കുന്നതാണ്. സംസ്ഥാനത്തിന്റെ കടൽ സമ്പത്ത് ഇവിടെത്തെ കായൽ പരിസ്ഥിതിയുമായും കായൽ സമ്പത്തുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കായലുകൾ ഒട്ടനവധി കടൽ മത്സ്യങ്ങളുടെ കളിത്തൊട്ടിലാണ്. ഇത്തരം കടൽ മത്സ്യങ്ങളുടെ ശൈശവദശ കായലിലാണ്. കായലിന്റെ ശോഷണം കടൽ സമ്പത്തിനെയാണ് ബാധിക്കുന്നത്. കായലുകളുടെ വിവിധരീതിയിലുള്ള ശോഷണം കടൽമത്സ്യതൊഴിലാളികളുടെയും കായൽ മത്സ്യതൊഴിലാളികളുടെയും ഉപജീവനത്തെ ബാധിക്കുന്നതാണ്. സംസ്ഥാനത്തിന്റെ വികസന പദ്ധതികൾക്ക് മത്സ്യതൊഴിലാളികൾ എതിരല്ല. പക്ഷേ ഒരു ജനവിഭാഗത്തിന്റെ ഉപജീവനം തടസ്സപ്പെടുത്തികൊണ്ടുള്ള വികസനം ആവശ്യമാണോ എന്നാണ് ആലോചിക്കേണ്ടിയിരിക്കുന്നത്. ഉപജീവന വികസനത്തിനാണോ പഞ്ചനക്ഷത്ര സൗകര്യത്തിനാണോ മുൻതൂക്കം നല്കേണ്ടത് എന്ന് സർക്കാർ വ്യക്തമാക്കേണ്ടിയിരിക്കുന്നു. പരിസ്ഥിതിപ്രവർത്തകർ, ശാസ്ത്രജ്ഞർ, മത്സ്യമേഖലാ പ്രതിനിധികൾ, ചില രാഷ്ട്രിയ സംഘടനാ പ്രതിനിധികൾ എന്നിവരൊക്കെ പദ്ധതിക്കെതിരായി പ്രസ്താവനകൾ ഇറക്കി കഴിഞ്ഞു. പക്ഷെ സർക്കാർ ഇനിയും നയം വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ മത്സ്യതൊഴിലാളികൾക്ക് ആശങ്കയുണ്ട്.

ഈ സാഹചര്യത്തിൽ മത്സ്യമേഖലാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടി സർക്കാരിന്റെ നയം മുഖ്യമന്ത്രിയും ഫിഷറീസ് വകുപ്പ് മന്ത്രിയും വ്യക്തമാക്കണമെന്ന് താല്പര്യപെടുന്നു.

## മാതൃകാ മത്സ്യഗ്രാമങ്ങൾ തെരഞ്ഞെടുത്തതിൽ വിവേചനം കാട്ടിയതായി ആക്ഷേപം

തിരുവനന്തപുരം : മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി കേരളത്തിൽ 11 മാതൃകാ മത്സ്യഗ്രാമങ്ങൾ തെരഞ്ഞെടുത്തതിൽ വിവേചനം കാട്ടിയതായി പരക്കെ ആക്ഷേപം ഉയർന്നിരിക്കുന്നു. കേന്ദ്രഫണ്ട് ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയിട്ടിരിക്കുന്നത്. മാർച്ച് മാസത്തിൽ പദ്ധതിക്ക് തുടക്കംകുറിക്കുമെന്ന് അധികൃതർ പറയുന്നു. ആലപ്പുഴയിൽ ഒരു നിയമസഭാ നിയോജക മണ്ഡലത്തിൽ തന്നെയുള്ള രണ്ടു മത്സ്യഗ്രാമങ്ങൾ തെരഞ്ഞെടുത്തപ്പോൾ ഏറ്റവും പിന്നോക്കം നില്ക്കുന്ന മറ്റ് ഗ്രാമങ്ങളെ ഒഴിവാക്കിയ നടപടി ശരിയായില്ലെന്നും അവ പുനപരിശോധിക്കണമെന്നുമാണ് ആലപ്പുഴയിലെ മത്സ്യതൊഴിലാളികൾ ആവശ്യപ്പെടുന്നത്. മലപ്പുറം ജില്ലയിൽ താന്നൂർ എന്നൊരു മത്സ്യ ഗ്രാമമില്ലെങ്കിലും 5 മത്സ്യ ഗ്രാമങ്ങൾ ഉൾപ്പെടുന്ന താന്നൂർ മേഖലയാണ് പദ്ധതിയുടെ പരിധിയിലുൾപ്പെടുത്തിയത്. ഈ 5 മത്സ്യ ഗ്രാമങ്ങളെയും 11 മാതൃകാ മത്സ്യ ഗ്രാമങ്ങൾക്ക് തത്തുല്യമായി കണകാക്കി പദ്ധതി വിഹിതം വീതം വയ്ക്കണമെന്നാണ് ഭരണകക്ഷിയിലെ ഒരു പ്രമുഖരാഷ്ട്രിയ പാർട്ടി ആവശ്യപ്പെട്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഫലത്തിൽ 15 മാതൃകാ മത്സ്യഗ്രാമങ്ങൾ നിലവിൽവരും. മലപ്പുറം ജില്ലയ്ക്ക് മാത്രം 5 മാതൃകാമത്സ്യഗ്രാമങ്ങൾ ലഭിക്കുകയും ചെയ്യും. തൃശൂർ ജില്ലയിലെ പൊയ്യ എന്ന ഉൾനാടൻ മത്സ്യഗ്രാമത്തിന്റെ സ്ഥിതിയും ഏതാണ്ട് ഇതുപോലെ തന്നെയാണ്. മാതൃകാമത്സ്യഗ്രാമങ്ങളിൽ കടൽ തീരത്ത് ഏറ്റവും പടിഞ്ഞാറ് ഭാഗത്തുള്ള രണ്ടു വരി വീടുകൾ മാറ്റി, അവരെ തൊട്ടടുത്തു തന്നെ പുനരധിവസിപ്പിക്കുകയും മത്സ്യതൊഴിലാളി കുടുംബങ്ങളെ മാറ്റുന്ന പ്രദേശത്തുകൂടി തീരദേശ റോഡ് നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്. കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത പുത്തൻതുറ എന്ന മാതൃകാ മത്സ്യഗ്രാമത്തിൽ ഈ പദ്ധതി എങ്ങനെ നടപ്പാക്കുമെന്നാണ് മത്സ്യതൊഴിലാളികളുടെ ചോദ്യം. ഇൻഡ്യൻ റെയർ എർത്തിന്റെ (ഐ.ആർ.ഇ) പുനരധിവാസ പദ്ധതി പ്രകാരം പുത്തൻതുറ കടൽതീരത്ത് ഭവനനിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ആരെങ്കിലും അവേശഷിക്കുന്നുണ്ടെങ്കിൽ ഐ. ആർ.ഇ അവ പരിഹരിച്ച് കൊള്ളും. ഭരണകക്ഷിയിലെ തന്നെ ഒരു ചെറുപാർട്ടിയെ തൃപ്തിപെടുത്താനായിരിക്കും പുത്തൻതുറ മാതൃകാ മത്സ്യഗ്രാമമായി തെരഞ്ഞെടുത്തതെന്ന ആക്ഷേപവും നിലവിലുണ്ട്. മാതൃകാ മത്സ്യഗ്രാമങ്ങൾ ഭരണ കക്ഷിക്കാർ വീതം വച്ചെടുത്തെന്നാണ് ജനസംസാരം.

മാതൃകാ മത്സ്യഗ്രാമപദ്ധതി കുറ്റമറ്റതാക്കി മാറ്റി സമയബന്ധിതമായി പൂർത്തിയാക്കാൻ ഫിഷറീസ് വകുപ്പ് മന്ത്രി കെ. ബാബു തയ്യാറാകുമെന്ന് മത്സ്യതൊഴിലാളികൾ കരുതുന്നു.

## മാധ്യമ ശില്പശാല എറണാകുളത്ത്

തൃശൂർ : "സാമൂഹിക നീതിക്കായുള്ള മാധ്യമ പ്രവർത്തനം - പ്രതിസന്ധികൾ -പരിഹാരങ്ങൾ " എന്ന വിഷയത്തെ ആസ്പദമാക്കി കേരളീയം മാസികയുടെ നേതൃത്വത്തിൽ മാർച്ച് 2,3,4, തീയതികളിൽ എറണാകുളം കറുകുറ്റിയിലെ അസീസി ശാന്തികേന്ദ്രത്തിൽ മാധ്യമ ശില്പശാല നടത്തുന്നു. സാമൂഹിക പ്രവർത്തകരും വിഷയവിദഗ്ധരും പൊതുസമൂഹപ്രതിനിധികളും വിദ്യാർത്ഥികളും ഒത്തുചേരുന്ന തുറന്ന സംവാദമാണ് ക്യാമ്പിന്റെ സ്വഭാവമെന്ന് സംഘാടകർ അറിയിച്ചു.

# വിഴിഞ്ഞം ഫിഷിംഗ് ഹാർബർ നീണ്ടു നീണ്ടു പോകുന്ന നിർമ്മാണഗാഥ

എസ്. രവീന്ദ്രൻ നായർ (മുൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ)

വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ പരിസരത്ത് ഒരു വിളംബര തൂൺ നിലം പൊത്താറായി സ്ഥിതി ചെയ്യുന്നു. അതിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. " വിഴിഞ്ഞം ഹാർബർ പ്രോജക്ടിന്റെ നിർമ്മാണ ഉത്ഘാടനം 1962 സെപ്റ്റംബർ 12 -ാം തീയതി കേന്ദ്ര റോഡ് കൃഷി വകുപ്പ് മന്ത്രി ശ്രീ എസ് . കെ. പാട്ടീൽ നിർവ്വഹിച്ചു "

ഉത്ഘാടന പ്രസംഗത്തിൽ ബഹു. കേന്ദ്രമന്ത്രി പറഞ്ഞത് വിഴിഞ്ഞത്തെ പ്രായം ചെന്ന മത്സ്യതൊഴിലാളികൾ ഇന്നും ഓർക്കുന്നുണ്ടാവും. " വിഴിഞ്ഞം ഹാർബറിന്റെ പണി 1965 ൽ പൂർത്തിയാക്കും. സംസ്ഥാനത്ത് 10000 ടൺ അധിക മത്സ്യോത്പാദനം ഉണ്ടാകും " സംസ്ഥാനത്ത് ഒരു ഹാർബർ നിർമ്മിച്ചാൽ എങ്ങനെ അധിക മത്സ്യോത്പാദനം ഉണ്ടാകുമെന്ന സംശയം മത്സ്യതൊഴിലാളികൾക്കുണ്ടായിരുന്നു. ഇന്ന് അവർക്ക് ആ സംശയമില്ല. കാരണം എൻജിനീയറിംഗ് വകുപ്പ് ഇപ്പോഴും തയ്യാറാക്കുന്ന ഹാർബർ/ ലാന്റിംഗ് സെന്റർ പ്രോജക്ട് റിപ്പോർട്ടുകളുടെ അവസാനഭാഗത്ത് എഴുതി ചേർത്തിരിക്കുന്ന അധിക മത്സ്യോത്പാദനത്തിന്റെ മൊത്തം കണക്കെടുത്താൽ സംസ്ഥാനത്തിന്റെ മത്സ്യോത്പാദനം 10 ലക്ഷം ടണ്ണിലധികം വരും. ഈ സുന്ദര സ്വപ്നം വിശ്വസിക്കാൻ തക്ക മണ്ടൻമാരല്ല സംസ്ഥാനത്തെ മത്സ്യതൊഴിലാളികൾ.

വിഴിഞ്ഞം ഹാർബറിന്റെ പണി ഇപ്പോഴും തുടരുന്നു. ഇത് അമ്പതാം വർഷം. ഇക്കണക്കിനാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ അടുത്ത അമ്പത് വർഷം കൊണ്ടും പണിതീരുമെന്ന് തോന്നുന്നില്ല. ഇപ്പോൾ അടിയന്തിരമായി വേണ്ടതെന്തെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. വിഴിഞ്ഞം ഹാർബർ പ്രോജക്ടിന്റെ പണി തുടർന്ന് പോകുന്നതിന്റെ സുവർണ്ണ ജൂബിലി ഉടൻ തന്നെ ആഘോഷിക്കണം. ഒരു വർഷമെങ്കിലും നീണ്ടു നില്ക്കുന്ന ഈ ആഘോഷ (ആചാര) പരിപാടി നടപ്പിലാക്കുന്നതിന് ഹാർബർ എൻജിനീയറിംഗ് വകുപ്പിനെ തന്നെ ചുമതലപ്പെടുത്തുന്നതായിരിക്കും ഉത്തമം. ചെലവിന് ആവശ്യമായ തുക സംസ്ഥാന ബജറ്റിൽ നിന്ന് അധിക തുകയായി ഹാർബർ എൻജിനീയറിംഗ് വകുപ്പിന് അനുവദിക്കാവുന്നതാണ്. ഹനുമാന്റെ വാലുപോലെയോ ഗണപതി കല്യാണം പോലെയോ നീണ്ടു പോകുന്ന ഈ ഹാർബറിന്റെ നിർമ്മാണത്തിന്റെ കാലയളവ് ഇപ്പോൾ തന്നെ 50 വർഷം പിന്നിട്ടു. ഒരു പക്ഷെ ഇതൊരു ലോകറിക്കോർഡ് ആയിരിക്കും.അന്വേഷണം തുടരാവുന്നതും അത് ശരിയാണെങ്കിൽ ഗിന്നസ് ബുക്കിൽ ഉൾപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കാവുന്നതുമാണ്.

ഇത്രയും പറഞ്ഞത് തമാശ രൂപത്തിലാണെങ്കിലും സത്യമാണ്. അമ്പതു വർഷത്തിനു മുൻപ് ഈ ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 1962 ൽ നിർമ്മാണപ്രവർത്തനം ആരംഭിക്കുമ്പോൾ അത് പ്രോജക്ടിന്റെ ഒന്നാം ഘട്ടം മാത്രമാണെന്ന് പറഞ്ഞിരിന്നില്ല. മാത്രമല്ല ഒരു പൂർണ്ണഹാർബർ തന്നെയാണ് വിഭാവനം ചെയ്തിരുന്നത്. 1985 വരെപണിതിട്ടും പുലിമുട്ട് മാത്രമാണ് നിർമ്മിക്കാനായത്. മറ്റ് അടിസ്ഥാന ഘടകങ്ങളൊന്നും തുടങ്ങിയതേയില്ല. അനുവദിച്ച തുകയുടെ സിംഹഭാഗവും ഉപയോഗിച്ച് ഓഫീസും, ക്വാർട്ടേഴ്സും, ഉദ്യോഗസ്ഥർക്കുള്ള ഇതര സൗകര്യങ്ങളും ഉണ്ടാക്കി. പ്രോജക്ടിലെ തന്നെ തുക ഉപയോഗിച്ച് ഹാർബർ നിർമ്മാണത്തിനുള്ള കല്ലിനായി ഒരു ക്വാറി വാങ്ങി. പിന്നീട് ഈ സ്ഥലം ഇതര ആവശ്യങ്ങൾക്കായി വിട്ടുകൊടുത്തു. ഈ സ്ഥലമെങ്കിലും മത്സ്യതൊഴിലാളികൾക്ക് വീതിച്ച് നല്കാമായിരുന്നു.അത് സംഭവിച്ചില്ല.

വിഴിഞ്ഞം പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയ പുനരധിവാസ പാക്കേജിൽ പുല്ലൂർക്കോണത്തേക്ക് മാറിയ മത്സ്യതൊഴിലാളികളും തെന്നൂർക്കോണത്തേക്ക് മാറിയ മത്സ്യതൊഴിലാളികളും തൃപ്തരല്ല. പുനരധിവാസം ഇനിയും നടപ്പിലാക്കാനുണ്ട്.

1965 ൽ പൂർത്തീകരിക്കുമെന്ന് കരുതിയിരുന്ന വിഴിഞ്ഞം ഹാർബറിന്റെ പണി എൺപതുകളുടെ പകുതി വരെ തുടർന്നിട്ടും, ഹാർബറിന്റെ അടിസ്ഥാനരൂപത്തിലെത്താൻ പോലും കഴിഞ്ഞില്ല. ഈ സാഹചര്യത്തിലാണ് ഹാർബർ എൻജിനീയറിംഗ് വകുപ്പ് പുതിയ തന്ത്രവുമായി വരുന്നത്. "വിഴിഞ്ഞം 2-ാം ഘട്ടം" എന്ന പേരിൽ പുതിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. 704 ലക്ഷം രൂപാ അടങ്കൽ തുകയുള്ള ഈ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി തുക പല തവണ പുതുക്കി. 1832 ലക്ഷം രൂപാ ചെലവു പ്രതീക്ഷിക്കുന്ന ഈ രണ്ടാം ഘട്ടത്തിന് ഇതുവരെ 1750 ലക്ഷം രൂപാ ചെലവഴിച്ചുകഴിഞ്ഞു. 2004 ൽ പൂർത്തിയാക്കുമെന്നു പ്രഖ്യാപിച്ച ഈ രണ്ടാം ഘട്ടം 2012 ലും 'വിജയകരമായി' തുടർന്നുവരുന്നു.

രണ്ടുഘട്ടത്തിലും കൂടി 25 കോടി രൂപയോളം ചെലവഴിച്ചിട്ടും ഹാർബറിന്റെ പണി എങ്ങുമെത്താതെ നിലനില്ക്കുന്നു.50 കൊല്ലം മുൻപ് തുടങ്ങിയ ചെലവിന്റെ ഇന്നത്തെ മൂല്യം എത്രയോ വലുതാണ്.

ഈ കാലഘട്ടത്തിനിടയിൽ പ്രോജക്ട് പ്രദേശത്ത് മറ്റൊരു പ്രവർത്തനംകൂടി നടന്നു. വിഴിഞ്ഞം ഹാർബർ പ്രോജക്ട് പ്രദേശത്തു തന്നെ ഒരു 'ഫിഷ് ലാന്റിംഗ് സെന്റർ' എന്ന ശീർഷകത്തിൽ തുക ചെലവഴിച്ചു. ഈ ഫിഷ് ലാന്റിംഗ് സെന്റർ എവിടെയാണെന്ന് പോലും മത്സ്യതൊഴിലാളികൾക്ക് അറിയില്ല.ഒരു ഹാർബർ

പ്രോജക്ടിനകത്ത് ഒരു ഫിഷ് ലാന്റിംഗ് സെന്ററോ എന്ന് മത്സ്യതൊഴിലാളികൾ അതിശയപ്പെട്ടുപോയാൽ അവരെ കുറ്റം പറയാൻ നിർവാഹമില്ല. വിഴിഞ്ഞം പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതുവരെ തികഞ്ഞ സൗഹാർദ്ദത്തോടെ സഹവർത്തിച്ചിരുന്ന രണ്ടു വ്യത്യസ്ഥ മത്സ്യതൊഴിലാളി സമുദായങ്ങളെ ഹാർബർ നിർമ്മാണത്തിന്റെയും പുനരിധിവാസത്തിന്റെയും പേരിലും, കുറേയെങ്കിലും പൂർത്തീകരിച്ച സൗകര്യങ്ങളുടെ നിയന്ത്രണത്തിന്റെ പേരിലും, കുടിയൊഴിപ്പിക്കലിന്റെ പേരിലുമൊക്കെ വിവേചനപരമായി സമീപിച്ചു എന്ന പരാതി നിലനിൽക്കുന്നു.ഇത് ഒരു പക്ഷേ പ്രോജക്ട് നിർവ്വഹണ ഏജൻസിയുടെ പിഴവ് ആയിരിക്കാം. പിഴവ് ആരുടേതായാലും വ്യത്യസ്ഥ സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിന് മങ്ങലേല്പിച്ചിരിക്കുന്നു. ഇതാണ് ഇതുവരെയുള്ള വിഴിഞ്ഞം ഹാർബർ പ്രോജക്ടിന്റെ ബാക്കിപത്രം.

സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയെന്നു വിശേഷിക്കപ്പെടുന്ന വിഴിഞ്ഞം വാണിജ്യ തുറമുഖം ഫിഷിംഗ് ഹാർബറിന് സമീപം തന്നെ യാഥാർത്ഥ്യമാകാൻ പോകുന്നു. തുറമുഖ പദ്ധതി ഹാർബറിനെ യാതൊരു തരത്തിലും ബാധിക്കുകയില്ല എന്ന തരത്തിലുള്ള വിദഗ്ധസമിതി റിപ്പോർട്ടുകൾ സർക്കാരിന്റെ പക്കലുണ്ടെങ്കിലും മത്സ്യതൊഴിലാളികൾ അത് വിശ്വാസിച്ചിട്ടില്ല. അഴിമുഖത്തിനും നാവിഗേഷൻ ചാനലിനും ഹാർബർ ബേയ്ക്കും വ്യതിയാനങ്ങൾ ഉണ്ടാകുമെന്നു തന്നെ മത്സ്യതൊഴിലാളികൾ വിശ്വസിക്കുന്നു.

വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ 50 വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ഒരു വിലയിരുത്തലിനു വിധേയമാക്കേണ്ട സമയമായിരിക്കുന്നു. മത്സ്യതൊഴിലാളി പ്രതിനിധികളെ കൂടി ഉൾപെടുത്തികൊണ്ടുള്ള ഒരു വിലയിരുത്തൽ സമിതിക്ക് രൂപം നല്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് മുൻകൈയെടുക്കുന്നത് അഭിലഷണീയമായിരിക്കും.

വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി ഒരു നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കാനുള്ള സത്വര നടപടികൾ കൈകൊള്ളാൻ ഫിഷറീസ് - തുറമുഖ വകുപ്പ് മന്ത്രി കെ. ബാബു മുൻകൈ എടുക്കുമെന്ന് പ്രത്യശിക്കുന്നു.

# ചൂണ്ട ഉപയോഗിച്ചുള്ള മീൻപിടിത്തകാരെ പോലീസ് തടഞ്ഞു

കോഴിക്കോട് : പന്നിയങ്കര - ചാമുണ്ടിവളപ്പ് പ്രദേശത്ത് ചൂണ്ട ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനം നടത്തിവന്ന മുപ്പതോളം വള്ളങ്ങളെ പോലീസ് തടഞ്ഞതായി പരാതി ഉയർന്നിരിക്കുന്നു. ചൂണ്ടപ്പണിയിൽ വൈദഗ്ധ്യമുള്ള തമിഴ്നാട് സ്വദേശികളെ കൂട്ടിയാണ് ചാമുണ്ടിവളപ്പിലെ മത്സ്യതൊഴിലാളികൾ ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്നത്.ഇവർക്ക് ധാരാളം മീൻകിട്ടുന്നുവെന്ന ഒറ്റകാരണത്താലാണ് സമീപ പ്രദേശത്തെ ചില മത്സ്യതൊഴിലാളികളും തല്പര്യകക്ഷികളും ഇവർക്കെതിരെ തിരിഞ്ഞിരിക്കുന്നതെന്ന് വള്ള ഉടമകളായ സി.വി. അഹമ്മദ് കോയയും സി.കെ ലത്തീഫും പറഞ്ഞു. കഴിഞ്ഞ 20 വർഷങ്ങളായി നിയമാനുസൃതം മീൻപിടിത്തത്തിൽ ഏർപ്പെട്ടു വരുന്ന തങ്ങളെ പോലീസ് തടഞ്ഞതുമൂലം മുന്നൂറോളം കുടുംബംഗങ്ങൾ ഇപ്പോൾ പട്ടിണിയിലാണെന്ന് സർക്കാരിന് നല്കിയ പരാതിയിൽ പറയുന്നു. മുല്ലപെരിയാർ വിഷയത്തിന്റെ പേരിൽ തമിഴ്നാട് സ്വദേശികളെ കേരളത്തിലെ മീൻപിടിത്തത്തിൽ നിന്നും തടയാൻ ചിലർ ശ്രമിക്കുകയാണെന്ന് അവർ കുറ്റപെടുത്തി. കേരളത്തിലെ തൊഴിലാളികൾ വിവിധ സംസ്ഥാനങ്ങളിൽ പണിയെടുക്കുന്ന കാര്യം ഇത്തരക്കാർ വിസ്മരിക്കുകയാണെന്ന് അവർ പറഞ്ഞു. പന്നിയങ്കര-ചാമുണ്ടിവളപ്പു സ്വദേശികളുടെ ഉടമസ്ഥതയിലുള്ള 30 ഓളം വള്ളങ്ങളെ തടയാൻ പോലീസ് കൈകൊണ്ട നടപടി പിൻവലിക്കണമെന്ന് മത്സ്യതൊഴിലാളികൾ ആവശ്യപ്പെട്ടു. കേരള കടലിൽ സ്വതന്ത്രമായി മീൻപിടിക്കുവാനുള്ള മത്സ്യതൊഴിലാളികളുടെ അവകാശം നിഷേധിക്കരുതെന്ന് മുഖ്യമന്ത്രിയോടും ഫിഷറീസ് വകുപ്പ് മന്ത്രിയോടും അവർ അഭ്യർത്ഥിച്ചു.

# ഫിഷറീസ് സർവ്വകലാശാലയുടെ സ്ഥലം എൽ.എൻ.ജി യ്ക്ക് കൈമാറാൻ വീണ്ടും അണിയറ നീക്കം

കൊച്ചി : പുതുവൈപ്പിനിലെ ഫിഷറീസ് സർവ്വകലാശാലയുടെ കീഴിലുള്ള 50 ഏക്കർ ഭൂമി എൽ. എൻ.ജി പെട്രോ നെറ്റിന് കൈമാറാൻ അണിയറയിൽ വീണ്ടും നീക്കം നടക്കുന്നതായി ആക്ഷേപമുയർന്നിരിക്കുന്നു. മത്സ്യമേഖലാ ഗവേഷണത്തിനും ഫിഷറീസ് സർവ്വകലാശാലയുടെ പുരോഗതിക്കുമായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെക്രട്ടറിതല യോഗത്തിൽ അവതരിപ്പിച്ചപ്പോഴാണ് ചില ഉന്നത ഉദ്യോഗസ്ഥരുടെ തനിനിറം പ്രകടമായത്. പദ്ധതി അംഗീകരിച്ചാൽ ഫിഷറീസ് സർവ്വകലാശാലയുടെ കീഴിലുള്ള 50 ഏക്കർ ഭൂമി എൽ.എൻ.ജി യ്ക്ക് കൈമാറാൻ കഴിയാതെ വരും. എൽ.എൻ.ജി ലോബിയുടെ സമ്മർദ്ദത്തിനു വഴങ്ങിയാണ് ഫിഷറീസിന്റെ പ്രത്യേക പദ്ധതി നിരാകരിച്ചതെന്ന ആരോപണമുണ്ട്. മത്സ്യമേഖലയ്ക്ക് ലഭിക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും തകിടം മറിക്കാൻ ചില ഉന്നത ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായും പറയപ്പെടുന്നു. ഫിഷറീസ് അധികൃതർ ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തണമെന്നാണ് മത്സ്യതൊഴിലാളികൾ ആവശ്യപെടുന്നത്.

# ഫിർമ ഇനിയും വേണോ ?

തിരുവനന്തപുരം : മത്സ്യവിഭവ സംരക്ഷണവും പരിപാലനവും ലക്ഷ്യമാക്കി 1998 ൽ കേരള സർക്കാർ രൂപം നൽകിയ ഫിർമ (കേരള ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി) ഇപ്പോൾ അലങ്കാര മത്സ്യപ്രദർശനം മാത്രമാണ് നടത്തിവരുന്നത്. ഇതുകൊണ്ട് മത്സ്യതൊഴിലാളികൾക്ക് യാതൊരു പ്രയോജനവുമില്ല. ഈ സ്ഥാപനം എന്തിന് വേണ്ടിയാണോ രൂപീകരിച്ചത് ആ ലക്ഷ്യം മറന്നുകൊണ്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സർക്കാർ ഖജനാവിൽ നിന്നും മത്സ്യമേഖലയുടെ വികസനത്തിനായി വക കൊള്ളിക്കുന്ന നല്ലൊരു ശതമാനം തുകയും ഇത്തരം സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും നിലനില്പിന് വേണ്ടി മാത്രമാണ് വിനിയോഗിക്കുന്നത്.

മീൻപിടിത്ത സമൂഹത്തിന് പ്രയോജനപെടാത്ത ഫിർമ പോലുള്ള സ്ഥാപനങ്ങളെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ ലയിപ്പിക്കുകയോ പിരിച്ചുവിടുകയോ ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഫിർമ നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തികൊണ്ട് ആ സ്ഥാപനം നിലനിർത്തേണ്ടതുണ്ടെങ്കിൽ ഉദ്ദേശലക്ഷ്യം കൈവിട്ടുപോകാതെ സൂക്ഷിക്കുകയും വേണം.

# കടൽ മണൽഖനനം അവസാനിപ്പിക്കണം

ആലപ്പുഴ: തീരപരിപാലന നിയമം അനുസരിച്ച് പൊഴിമുഖങ്ങളിലെ മണലൂറ്റും നിയമ വിധേയമല്ലതിരിക്കേ അന്ധാകാരനഴി മുഖത്ത് മണൽ കൃഷിയാവശ്യത്തിന് എന്ന വ്യാജേന മണൽ മാഫിയയ്ക്ക് എടുക്കുവാൻ ലൈസൻസ് നൽകുവാനുള്ള പട്ടണക്കാട് പഞ്ചായത്ത് ഭരണ സമിതിയുടെ നീക്കം നിയമ വിരുദ്ധമാണെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആലപ്പുഴ ജില്ലാകമ്മിറ്റി കളക്ടർക്ക് നൽകിയ നിവേദനത്തിൽ പറഞ്ഞു. തീരപരിപാലന നിയമം അനുസരിച്ച് വേലിയേറ്റ രേഖയുടെ 100 മീറ്ററിനുള്ളിൽ വരുന്ന പ്രദേശം പരിസ്ഥിതി ലോല പ്രദേശമായിരിക്കേ ഇവിടെ നിന്നും മണൽ എടുക്കുന്നതുമൂലം അന്ധകാരനഴിയുടെ ഇരുകരകളിലുമുള്ള മണൽ തിട്ടകൾ അപ്രതീക്ഷിതമാകുകയും മൺസൂൺ കാലഘട്ടത്തിൽ ഇവിടെ വ്യാപകമായ കടലാക്രമണം ഉണ്ടാകുകയും പട്ടണകാടു പഞ്ചായത്തിലെ 17,19 വാർഡുകളിലും 100 കണക്കിനു വീടുകളും, സുനാമി പ്രോജക്ടിൽ കോടികൾ മുടക്കി നിർമ്മിച്ച പാലം ഉൾപ്പെടുന്ന പദ്ധതി പ്രദേശങ്ങളും പ്രത്യക്ഷമായി കടൽ എടുക്കുന്നതിനും ഈ നടപടി ഇടവരുത്തും. അന്ധകാരനഴിമുഖത്തിന്റെ സംരക്ഷണാർത്ഥം ഇരുകരകളിലുമായി സ്ഥാപിച്ചിരിക്കുന്ന 13 പുലിമുട്ടുകൾ ഇല്ലാതായത് വ്യാപകമായ മണലൂറ്റുമൂലം തീരകടൽ ആഴമേറി കുഴികളായതുമൂലമാണ്. അന്ധകാരനഴി ഷട്ടർ നിയമാനുസൃതം വാട്ടർ ലെവൽ മാത്രമേ തുറക്കാവൂ എന്നിരിക്കെ മണൽ മാഫിയ ഇറിഗേഷൻ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് മണൽ വള്ളം പോകുവാൻ പാകത്തിൽ ഷട്ടർ തുറക്കുന്നതും മണലൂറ്റിന് ഇടവരുത്തുന്നു. തീരപരിപാലന നിയമം നിലനിൽക്കേ ഇതിനെ മറികടക്കാൻ പഞ്ചായത്ത് ഭരണ സമിതിയ്ക്ക് അധികാരം ഇല്ലെന്നിരിക്കെ നിയമ വിരുദ്ധമായി മണലെടുക്കുവാനുള്ള നീക്കം അടിയന്തിരമായി തടയണമെന്ന് ജില്ലാപ്രസിഡന്റ് കെ. ബാബു ഒറ്റമശ്ശേരി ജില്ലാസെക്രട്ടറി ജാക്സൺ പൊള്ളയിൽ എന്നിവർ ആവശ്യപ്പെട്ടു.

## മത്സ്യമേഖലയ്ക്ക് അർഹമായ പരിഗണന നല്കണം

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് അവതരണത്തിൽ മത്സ്യമേഖലയ്ക്ക് അർഹമായ പരിഗണന നല്കണമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആവശ്യപ്പെട്ടു. കഴിഞ്ഞ ബഡ്ജറ്റിൽ മത്സ്യമേഖലയെ തികച്ചും അവഗണിക്കുകയാണ് ഉണ്ടായത്. ഇതിനെതിരെ കേരളവ്യാപകമായി മത്സ്യതൊഴിലാളികളുടെ പ്രതിഷേധം അരങ്ങേറിയിരുന്നു. മത്സ്യതൊഴിലാളികളുടെ ക്ഷേമാശ്വാസ പദ്ധതികൾ മിക്കതും മുടങ്ങികിടിക്കുന്നു. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭിക്കുന്നില്ല. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം പോലും ലഭിക്കുന്നില്ല. കടൽ സുരക്ഷക്കുവേണ്ട സ്പീഡ് ബോഡുകളില്ല. എന്നിങ്ങനെപോകുന്നു മത്സ്യതൊഴിലാളികളുടെ ആവശ്യങ്ങൾ. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ മത്സ്യമേഖലയ്ക്ക് വേണ്ടത്ര തുക വക കൊള്ളിക്കുന്നിലെങ്കിൽ ശക്തമായ മത്സ്യതൊഴിലാളി പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ ജനറൽ സെക്രട്ടറി പി.പി.ജോൺ എന്നിവർ മുന്നറിയിപ്പ് നൽകി.

# *Photographic Competition with Photo Exhibition*

**For**

1. SSLC and Higher Secondary Students
2. College Students

**Theme:**

"Dirt Free Beach- Green Village- Clean City for a Healthy Environment"

**will be held on the 22nd February 2012 at Press Club Trivandrum**

## The Competition

1. The focus of the photo is any of the waste accumulated in Trivandrum District.
2. Participants should label the entry with the following

a. Name, Class, School of the participant, b. Name of the place, date and time of photograph is taken, c. State the content of the waste, d. Mention the possible problems that would occur due to this kind of waste accumulation, e. Make suggestions on proper way of waste disposal, f. List down names of persons (authority) to be contacted in case of any complaints about the waste.

3. Participants are allowed to use either Malayalam or English as a medium of exchange
4. They can add additional photographs to support the information given.
5. They are also requested to send their works either by post or by email.

**The Address**

The project Executive, KSMTF Office, Tank Road
(Bank Employees Union Hall Road), Pulimood
Thiruvananthapuram-695001, Kerala.
Tel.Number:0471-6541985
Mobile Number: 07403450700
E-mail:ksmtf@keralafishworkers.in, ubaldxavier@gmail.com

*Last date for receiving entries: 15th February 2012*

**AWARE is organizing the competition in association with KSMTF**

Renowned Environmentalists, Ecologists, Social Scientists, Media Personalities Government Officers and Ministers are attending.

# കൊച്ചി ആകാശ നഗര പദ്ധതി ഉപേക്ഷിക്കണം: വിവിധ സംഘടനകൾ

## ഫെബ്രുവരി 29–ന് സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ

തിരുവനന്തപുരം കൊച്ചി നഗരത്തിലെ കുണ്ടന്നൂർ മുതൽ സഹോദരൻ അയ്യപ്പൻ റോഡ്, സുബാഷ് ചന്ദ്രബോസ് റോഡ് എന്നീ ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ചിലവന്നൂർ ബണ്ട് റോഡിന് മുകളിലായി, കായൽപ്പരപ്പിൽ നിന്ന് 30 അടി ഉയരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ആകാശ നഗരപദ്ധതി ഉപേക്ഷിക്കണമെന്ന് വിവധ സംഘടനകളുടെ സംയുക്തയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. കാടും, കടലും, കായലും കൈയ്യേറിയതിനു പുറകെ ആകാശവും കൈയ്യേറാനുള്ള ശ്രമമാണ് നടക്കുന്നത്. സമൂഹത്തിലെ ധനിക വിഭാഗത്തിനു മാത്രം ഗുണം ചെയ്യുന്ന ഒരു പദ്ധതിയാണിതെന്ന് കാണാം. അമ്യൂസ്മെന്റ് പാർക്കുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, ജലകേളികൾക്കുള്ള സൗകര്യങ്ങൾ, സൂപ്പർമാർറ്റുകൾ, വൻകിട ഹോട്ടലുകൾ, സ്വർണ്ണക്കടകൾ, ഷോപ്പിംഗ് മാളുകൾ, തുടങ്ങിയവ ആകാശ നഗരത്തിലുണ്ടാകും എന്നതാണ് നിർമ്മാതാക്കൾ അവകാശപ്പെടുന്നത്. കൊച്ചി നഗരത്തിൽ ഭൂമിയിൽത്തന്നെ ഈ സൗകര്യങ്ങളൊക്കെ ഉള്ളപ്പോൾ ആകാശത്ത് ഇത്തരം സൗകര്യങ്ങൾ എന്തിനാണെന്ന് വിശദീകരിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായാണ് ഈ പദ്ധതിയെന്ന് പറയുന്നവർ, എങ്ങിനെയാണ് അത് പരിഹരിക്കുന്നതെന്ന് ഇതുവരെ വിശദീകരിച്ചിട്ടില്ല. കൂടാതെ ആകാശ നഗരത്തിലൂടെ ജനങ്ങൾക്ക് സൗജന്യ യാത്ര വാഗ്ദാനം ചെയ്തുകൊണ്ടാണ് ഇത് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുന്നത്. നിലവിലുള്ള റോഡുകൾ വീതി കൂട്ടുമ്പോൾത്തന്നെ ടോൾ പിരിക്കുന്ന രാജ്യത്ത് ഇത്തരം വാദങ്ങൾ ജനം മുഖവിലയ്ക്കെടുക്കുമെന്ന് ഭരണാധികാരികളും, പ്രമോട്ടർമാരും കരുതരുത്. ഇന്ത്യയിൽ എന്റർടെയിൻമെന്റ് വ്യവസായവും ആരോഗ്യ വ്യവസായവും അനുദിനം വളരുകയാണെന്നും അതിന് ഈ പദ്ധതി ഉപകരിക്കുമെന്ന് പറയുന്നതിൽ നിന്ന് തന്നെ ആകാശത്ത് നടക്കാൻ പോകുന്ന സാംസ്കാരിക വിനിമയം എന്തായിരിക്കുമെന്ന് ഊഹിക്കാൻ കഴിയും. ഏതാണ്ട് 5 സ്ക്വയർ കിലോമീറ്റർ കായൽ പ്രദേശം സ്വന്തമാക്കാൻ ചില വൻകിട ഗ്രൂപ്പുകൾ ശ്രമിക്കുന്നതിന് സർക്കാർ കൂട്ടുനിൽക്കരുതെന്നും, റാംസർ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശമാണിത് എന്നത് കാര്യമായി പരിഗണിക്കണമെന്നും, അവിടെ നടത്താനുദ്ദേശിക്കുന്ന പദ്ധതിയെ സംബന്ധിച്ച് സർക്കാരിന്റെ രേഖകൾ പരസ്യപ്പെടുത്തണമെന്നും സംഘടനകൾ ആവശ്യപ്പെട്ടു. ഫെബ്രുവരി 29–ന് സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്താനും യോഗം തീരുമാനിച്ചു. ടി. പീറ്റർ (കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ), വി. ഹരിലാൽ (കേരള ശാസ്ത്രസാഹിത്യ പരിഷത്), കെ. സജീദ് (സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്), രഞ്ജൻ മാത്യു വർഗ്ഗീസ് (ഡബ്ല്യൂ.ഡബ്ല്യൂ.എഫ്.), ഫാ. സാബാസ് ഇഗ്നേഷ്യസ് (ടി.എസ്.എസ്.എസ്.), ആർ. ബിജു (എസ്.യു.സി.ഐ.), ഫാ. ജോസ് പുളിന്തലത്ത് (ഐക്കഫ് സെന്റർ), സുമേഷ് മംഗലശ്ശേരി (കമ്പനി), അജയകുമാർ (റൈറ്റ്സ്), ഡി. സഞ്ജീവഘോഷ് (മുൻ ഫിഷറീസ് അഡിഷണൽ സെക്രട്ടറി) എസ്. രവീന്ദ്രൻ നായർ (മുൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ), ആർ. അജയൻ (പി.യു.സി.എൽ.), പി.പി. ജോൺ, പി. വി. വിൽസൺ, സെയ്ഫുദ്ദീൻ, എസ്. സ്റ്റീഫൻ, വലേരിയൻ ഐസക്, ആന്റോ ഏലിയാസ് എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

## മത്സ്യവിപണന സ്ത്രീകൾ പഞ്ചായത്ത് ഓഫീസ് ഉപരോധിച്ചു

കണിയാപുരം : മത്സ്യവിപണന സ്ത്രീകൾക്ക് വഴിയോരത്ത് മത്സ്യക്കച്ചവടം നടത്താൻ അനുമതി നിഷേധിച്ച അണ്ടൂർക്കോണം പഞ്ചായത്ത് അധികൃതരുടെ നടപടിയിൽ പ്രതിഷേധിച്ച് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ മത്സ്യവിപണന സ്ത്രീകൾ പഞ്ചായത്ത് ഓഫീസ് ഉപരോധിച്ചു. ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് വലേരിയൻ ഐസക്, ജെ.പി.ജോൺ, ടി. ഔസേപ്പ്, മാഗ്ളിൻ പീറ്റർ, പുഷ്പറാണി, ജെർമി, ലീജിയ എന്നിവർ നേതൃത്വം നൽകി. സ്ത്രികൾക്ക് സ്വതന്ത്രമായി മത്സ്യവിപണനം നടത്താൻ അനുമതി നൽകുന്നതുവരെ സമരം തുടരുമെന്ന് ഫെഡറേഷൻ നേതാക്കൾ മുന്നറിയിപ്പ് നൽകി.

കവിത

## നമുക്ക് ഒന്നായി മുന്നേറാം

കൂട്ടുകാരുടെ ബാലവേദി
കൂട്ടുചേർന്നു കളിക്കാനും
കൂട്ടുചേർന്നു പഠിക്കാനും
ബാലവേദി ഉണ്ടല്ലോ

കൂട്ടുകാർക്കെന്നും ആശ്രയമായി
താങ്ങായി തണലായി ബാലവേദി
കുട്ടികൾ തൻ അവകാശം
നേടുവാനായി ബാലവേദി

വിദ്യ അഭ്യസിക്കാനുള്ള അവകാശം
ജീവിക്കാനുള്ള അവകാശം
വളരാനുള്ള അവകാശം
അംഗീകാരത്തിനുള്ള അവകാശം
ഇതാണ് നമ്മുടെ അവകാശം

*ഐശ്വര്യ - ബി*
*കിളിക്കൂട്ടം ബാലവേദി -വലിയതുറ*

# ചെറുവഞ്ചികൾക്കുള്ള ലാന്റിംഗ് സെന്റർ വിപുലീകരിക്കണം

എറണാകുളം: സൗദി, മാനാശ്ശേരി, ബീച്ച്റോഡ് എന്നിവിടങ്ങളിലെ മത്സ്യതൊഴിലാളികൾ കടലിൽ മീൻ കുറവാകുന്ന സമയങ്ങളിൽ കിഴക്ക് കായലിൽ ചെറുവള്ളങ്ങളിലാണ് പണിക്കു പോകുന്നത്. മത്സ്യവില്പന നടത്തുന്നതിനും ചെറുവഞ്ചികൾ കയറ്റിവയ്ക്കുന്നതിനും സ്ഥലമില്ലാതിരുന്ന സാഹചര്യത്തിൽ തോപ്പുംപടി ബി.ഒ.റ്റി പാലത്തിന്റെ വടക്കുപടിഞ്ഞാറു വശത്ത് സ്ഥലം കണ്ടെത്തി, ഫിഷ് ലാന്റിംഗ് സെന്ററായി ഉപയോഗിച്ച് വരുന്നു. മത്സ്യതൊഴിലാളികൾക്ക് ഏറെ സൗകര്യപെടുന്നതാണ് ഈ ഫിഷ് ലാന്റിംഗ് സെന്റർ. ഇപ്പോൾ ചെറുവഞ്ചികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ഈ സ്ഥലം ഒന്നുകൂടി വികസിപ്പിക്കുകയും വെള്ളവും വെളിച്ചവും പ്രഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും ഒരുക്കുന്നതിന് കൊച്ചി കോർപ്പറേഷനും സർക്കാരും തയ്യാറാകണമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ സൗദി-മാനാശ്ശേരി ശാഖാ പൊതുയോഗം ആവശ്യപ്പെട്ടു.

ജോസഫ് കുരിശിങ്കലിനെ പ്രസിഡന്റായും സുനിൽ അറയ്ക്കലിനെ സെക്രട്ടറിയായും, ജോസി കുരുശു പറമ്പിൽ, ഷൈജൻ അറയ്ക്കൽ, നെൽസൺ തൈപ്പറമ്പിൽ, സേവ്യർ മാപ്പിളശ്ശേരി, രാമചന്ദ്രൻ കോന്നോത്ത്, കെ. ആർ ആന്റണി, കുഞ്ഞച്ചൻ നെടിയോടി, എൻ.ജെ ആന്റണി എന്നിവരെ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു.

ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് പി.വി വിൽസൺ, സെക്രട്ടറി എൻ. ജെ. ആന്റണി, ആലപ്പുഴ ജില്ലാ സെക്രട്ടറി ജാക്സൺ പൊള്ളയിൽ എന്നിവർ തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ പ്രസംഗിച്ചു.

# കുട്ടികളുടെ അവകാശ സംരക്ഷണത്തിന് കമ്മീഷൻ രൂപീകരിക്കണം

രഘു ഇരവിപേരൂർ

കുട്ടികളും അവരുടെ അവകാശങ്ങളേയും കുറിച്ചുള്ള ചർച്ചകൾ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ സജീവമല്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായി പക്വത പുലർത്തുന്ന ജനാധിപത്യസമൂഹമായി സ്വയം വിശേഷിപ്പിക്കാറുണ്ടെങ്കിലും മനുഷ്യാവകാശങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള, പ്രത്യേകിച്ചും കുട്ടികളുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകുന്ന ചർച്ചകളും സംവാദങ്ങളും പരിമിതമാണ്. കുട്ടികളുടെ അവകാശങ്ങളെ സമീപിക്കുന്നത് പലപ്പോഴും കാരുണ്യപ്രവർത്തനത്തിന്റെ ചട്ടക്കൂടിനകത്ത് നിന്നുകൊണ്ടാണ്. കുട്ടികൾക്കെതിരെ നടക്കുന്ന മാനസികവും ശാരീരികവുമായ അതിക്രമങ്ങൾ കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നുവെന്നാണ് സർക്കാരിന്റെയും ഇതര ഏജൻസികളുടെയും കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല, പോഷകാഹാരം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിലെ കുട്ടികളുടെ പ്രത്യേകിച്ചും പാർശ്വവൽകൃത സമൂഹങ്ങളിലെ കുട്ടികളുടെ അവസ്ഥ വളരെ മോശപ്പെട്ടതാണെന്ന് പഠനങ്ങൾ തെളിയിച്ചുകഴിഞ്ഞു.

വിദ്യാഭ്യാസ അവകാശങ്ങൾക്കായുള്ള ദേശീയ സഖ്യമായ NAFRE (National Alliance for Fundamental Right to Education)-യുടെ കേരള ഘടകമായ ജനമുന്നേറ്റം കുട്ടികളുടെ അവകാശസംരക്ഷണം പ്രത്യേകിച്ചും അവരുടെ വിദ്യാഭ്യാസം മുഖ്യ അജണ്ടയാക്കി പ്രവർത്തിച്ചുവരുന്നു. പാർശ്വവൽകൃത സമൂഹങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ കൂട്ടായ്മയാണ് ജനമുന്നേറ്റം. കുട്ടികളുടെ അവകാശങ്ങളെ മുൻനിർത്തി ഭരണഘടന നൽകുന്ന അവകാശം-അധികാരങ്ങളെ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതാണെന്ന ആശയത്തെ മുൻനിർത്തി NAFRE തെക്കേയിന്ത്യയിലാകെ ക്യാമ്പയിൻ നടത്തിവരുന്നു.

കുട്ടികൾ നാളത്തെ മാത്രമല്ല ഇന്നത്തെയും പൗരനാണെന്ന് ജനമുന്നേറ്റം വിശ്വസിക്കുന്നു. കുട്ടികളുടെ അവകാശ സംരക്ഷണവും നീതിയും ഉറപ്പാക്കുന്ന സംവിധാനം എന്നുള്ള നിലയിൽ കുട്ടികളുടെ സംസ്ഥാന കമ്മീഷൻ നിലവിൽ വരേണ്ടത് അനിവാര്യമാണ്.

രഘു ഇരവിപേരൂർ
കോ-ഓർഡിനേറ്റർ, ജനമുന്നേറ്റം




Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-6541985, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com